**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്- സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 1998-99 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 29(എ), 30, 31(ബി), 32, 35 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയിരുന്ന തുകകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം.918/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.19/05/2020.**

---

പരാമർശം:- 1) എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/02/2016 ലെ എ 1- 279/2016 നമ്പർ അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 11.04.2016 തീയതിയിലെ എം3-8517/16 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 19.04.2017 ലെ എൽ.എഫ്.6839/പി.റ്റി.2/2016 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് 1998-99 വർഷം നടത്തിയ ഓഡിറ്റ് പരിശോധനയിൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 29(എ) പ്രകാരം 58,528/- (അൻപത്തി എട്ടായിരത്തി ഇരുന്നൂറ്റി അൻപത്തി എട്ട് രൂപ മാത്രം) രൂപയും ഖണ്ഡിക 30 പ്രകാരം 68,000/- (അറുപത്തി എട്ടായിരം രൂപ മാത്രം) രൂപയും ഖണ്ഡിക 31 (ബി) പ്രകാരം 15,400/- (പതിനഞ്ചായിരത്തി നാനൂറ് രൂപ മാത്രം) രൂപയും ഖണ്ഡിക 32 പ്രകാരം 4,125/-(നാലായിരത്തി ഒരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയും 1,650/- (ആയിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയും ഖണ്ഡിക 35 പ്രകാരം 10,000/- (പതിനായിരം രൂപ മാത്രം) രൂപയും തടസ്സപ്പെടുത്തിയിരുന്നു. ഇവയിൽ ചട്ടങ്ങൾ ലംഘിച്ച് സാധന സാമഗ്രികൾ വാങ്ങിയതിനാൽ 58,528/-രൂപയും സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് വീടിന്റെ അറ്റകുറ്റപണികൾക്കായി ഗുണഭോക്തൃ സമിതി വഴിയല്ലാതെ നേരിട്ട് പണമായി ആനുകൂല്യം നൽകിയ നടപടി അനുവദനീയമല്ലാത്തതിനാൽ 68,000/- രൂപയും പേവിഷ നിർമ്മാർജ്ജനത്തിന് സർക്കാർ നിബന്ധനയ്ക്ക് വിരുദ്ധമായി പ്രാദേശികമായി മരുന്നു വാങ്ങാൻ ചെലവഴിച്ചതിനാൽ 15,400/- രൂപയും ഹാൻഡ് സ്പ്രെയർ വിതരണത്തിന് സബ്സിഡിയിൽ അധികരിച്ച് ചെലവഴിച്ചതിനാൽ 4,125/- രൂപയും നടപടി ക്രമം പാലിക്കാത്തതിനാൽ മുദ്രപത്രത്തിന്റെ വിലയായ 1650/- രൂപയും മാനദണ്ഡങ്ങൾ ലംഘിച്ച് ഹൈസ്കൂൾ വിഭാഗം പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ചെലവഴിച്ചതിനാൽ 10,000/- രൂപയുമാണ് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയത്. ടി തടസ്സപ്പെടുത്തലിനെ തുടർന്ന് പ്രസ്തുത ഖണ്ഡികകൾ സാധൂകരിച്ച് നൽകുന്നതിലേക്കായി ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പരാമർശം (1) മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശ രേഖപ്പെടുത്തി പരാമർശം (2) മുഖേന സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിച്ച അപേക്ഷയിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആവശ്യപ്പെടുകയും പരാമർശം (3) മുഖേന ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 29(എ), 30, 31(ബി), 32, 35 എന്നിവ സാധൂകരിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി, ജില്ലാ മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനമുള്ളതിനാൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**3.** ഇക്കാര്യം സർക്കാർ വ്യക്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 29(എ), 30, 31(ബി), 32, 35 എന്നീ ഖണ്ഡികകൾ എല്ലാം തന്നെ സാധൂകരിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെയും ജില്ലാ മോണിറ്ററിംഗ് സമിതിയുടെയും അനുകൂല ശിപർശകൾ ലഭിച്ചിട്ടുള്ളതിന്റെയും സർക്കാർ തലത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 1998-99 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡികകളായ 29(എ) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 58,528/- (അൻപത്തി എട്ടായിരത്തി ഇരുന്നൂറ്റി അൻപത്തി എട്ട് രൂപ മാത്രം) രൂപയും ഖണ്ഡിക 30 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 68,000/- (അറുപത്തി എട്ടായിരം രൂപ മാത്രം) രൂപയും ഖണ്ഡിക 31 (ബി) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 15,400/- (പതിനഞ്ചായിരത്തി നാനൂറ് രൂപ മാത്രം) രൂപയും ഖണ്ഡിക 32 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 4,125/-(നാലായിരത്തി ഒരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയും 1,650/- (ആയിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയും ഖണ്ഡിക 35 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 10,000/- (പത്തായിരം രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സീ പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**